കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.12/349/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്
ഫോൺ: 04952371012
Email- dokkd.ksad@kerala.gov.in

തീയതി:20.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി - പി12/349/2019 തിയ്യതി:20.03.2019

## കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 25.2.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്,തസ്തിക | സതീഷ് മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.2.2019 മുതൽ 11.3.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിനോദ്. പി. എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. പി. ജിഷ | ഓഡിറ്റർ |
| ശ്രീ. അഫ്സൽ. ടി. എം | ഓഡിറ്റർ (7.3.2019 മുതൽ 11.3.2019 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. പ്രകാശൻ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. ദീപുരാജ്ജ | 1.4.2017 മുതൽ 31.3.2018 വരെ |

<u>നിർവഹണോദ്യോഗസ്ഥൻ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സുന്ദരരാജൻ.കെ | 1.4.2017 മുതൽ31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അജില വി. വി | 1.4.2017 മുതൽ 6.5.2017 വരെ |
| | ശ്രീ. ഷാഹുൽ ഹമീദ്. എ. എം (അധിക ചുമതല) | 7.5.2017 മുതൽ 20.6.2017വരെ |
| | ശ്രീമതി. ഹൃദ്യ ശ്രീനിവാസൻ | 22.6.2017മുതൽ26.9.2017വരെ |
| | ശ്രീമതി. തുഷാര | 11.10.2017മുതൽ22.11.2017 വരെ |
| | ശ്രീമതി. ജീന | 23.11.2017മുതൽ26.12.2017വരെ |
| | ശ്രീമതി. ഷബീല | 27.12.2017മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ബേബി പ്രീത | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സി. കെ. നിഷ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബിന്ദു. കെ | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അമൂല്യ പി. എൻ | 1.4.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നിഷ. പി. ടി | 1.4.2017മുതൽ31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഭാസ്കരൻ. എൻ | 1.4.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | ശ്രീ. രജീഷ്. പി | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഹർഷലത. കെ<br>ശ്രീമതി. സ്മിത. കെ | 1.4.2017 മുതൽ10.7.2017 വരെ<br>11.7.2017 മുതൽ 31.3.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. കെ. ടി. വിജയൻ<br>ശ്രീ. ബാബു. എം | 1.4.2017 മുതൽ 22.10.2017 വരെ<br>23.10.2017മുതൽ 31.3.2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു. എൻ. | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം-1പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | കെട്ടിട വാടക – അപാകതകൾ |
| 2-2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ |
| 2-3 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല. |
| 2-4 | സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ. ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ശമ്പളപരിഷ്കരണം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 3-2 | യുവതികൾക്ക് സ്വയം തൊഴിലിൽ ഇരുചക്രവാഹനം- അപാകതകൾ |
| 3-3 | റോഡ് കണക്റ്റിവിറ്റി കഴിയാതെ വികസനപ്രവർത്തനങ്ങൾ നടത്തുന്നു. |
| 3-4 | മാർഗ്ഗരേഖ വ്യവസ്ഥകൾ ലംഘിച്ച് ഷീപാഡ് വിതരണം ചെയ്തു. |
| 3-5 | പൊതുമരാമത്ത് പ്രവൃത്തികൾ – ആസൂത്രണത്തിലെയും പദ്ധതി നടത്തിപ്പിലെയും പോരായ്മകൾ |
| 3-6 | ടാർ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചില്ല. ചിറ വളപ്പിൽ റോഡ് ടാറിംഗ് വൈകി. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | |
|---|---|
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 8.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.6.2018 മുതൽ 12.6.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2./1111/2018 (58) തീയതി. 1.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17005472 |
| വരവ് | 59802547 |
| ആകെ | 76808019 |
| ചെലവ് | 67585341 |
| നീക്കിയിരിപ്പ് | 9222678 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 14262580 | 14262580 | 11348538 | 2914042 |
| വികസനഫണ്ട് എസ്.സി.പി. | - | 8876040 | 8876040 | 5021938 | 3854102 |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2491039 | 2491039 | 2128533 | 362506 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4900408 | 4900408 | 4308979 | 591429 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7351578 | 7351578 | 6736623 | 614955 |
| കെ.എൽ.ജി.എസ്.ഡി.പി | - | - | - | - | - |
| MNREGS | 3645 | 14400886 | 14404531 | 14399836 | 4695 |
| ബി. ഫണ്ട് | 0 | 465600 | 465600 | 465600 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 71651017 | 141 | 42025487 | 36 | 24 | 68.11 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS – തൊഴിലാളികളുടെ കൂലി | - | 13780886 | 13780886 | 13780886 | 0 |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3645 | 620000 | 623645 | 618950 | 4695 |
| ആകെ | 3645 | 14400886 | 14404531 | 14399836 | 4695 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 121920 | 208 |
| കർഷക തൊഴിലാളി പെൻഷൻ | 9326500 | 847 |
| വിധവാ പെൻഷൻ | 11190600 | 996 |
| വാർദ്ധക്യകാല പെൻഷൻ | 21341200 | 1910 |
| വികലാംഗ പെൻഷൻ | 3420100 | 312 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2037400 | 180 |
| വിവാഹ ധനസഹായം | 300000 | 10 |
| നെല്ല് കർഷകർക്ക് ബോണസ് | 30000 | 87 |

## 1-9 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.2.2019 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,651/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.2.2018 | 2017-18 | PAU Team 1-3-1/2018 തീയതി 21.2.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 | 2005-06 മുതൽ 2009-10 വരെ | LBA HQ 111/II 8A 1561/22 തീയതി 17.5.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് സാക്ഷ്യപത്രത്തിൽ പരാമർശിച്ച താഴെ പറയുന്ന അപാകതകൾ പരിഹരിക്കാതെ അവശേഷിക്കുന്നു.

1. എം.പി.എൽ.ഡി.എസ് വരവ് ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 6,99,800/- രൂപയും വാർഷിക കണക്ക് പ്രകാരം 7,05,514/- രൂപയുമാണ്.
2. വസ്തുനികുതി വരവ് ഡി.സി.ബി. രജിസ്റ്റർ പ്രകാരം 48,86,924/- രൂപയും വാർഷിക കണക്ക് പ്രകാരം 48,64,682/- രൂപയുമാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ , അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പുറക്കാട്ടിരിയിൽ സപ്ലൈക്കോ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ഗ്രാമ പഞ്ചായത്തിന് വാടകമുറികൾ ഉണ്ട്. ഗ്രാമ പഞ്ചായത്തിന്റെ കെട്ടിട വാടക രജിസ്റ്റർ പ്രകാരം 2017-18 വർഷം 6 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 16/627, 16/628, 16/629 എന്നീ മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല എന്നു കാണുന്നു. 2018-19 ലും ഇതേ മുറികൾ ഓഡിറ്റ് തിയ്യതി വരെയും വാടകയ്ക്ക് നൽകിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും ഈ മുറികൾക്ക് നാളിതു വരെ പി.ഡബ്ല്യൂ.ഡി വാടക നിശ്ചയിച്ചു നൽകിയിട്ടില്ല എന്നും വാടക തീരുമാനിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി യിൽ സമർപ്പിക്കേണ്ട രേഖകൾ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല എന്ന മറുപടി വാക്കാലും അറിയിച്ചു. മേൽ മുറികൾ വാടകയ്ക്ക് നൽകാത്തതിനാൽ പഞ്ചായത്തിന് വാടക ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നു. 11.6.18 ന് വില്ലേജ് ഓഫീസർക്ക് കത്ത് നല്കിയെങ്കിലും നാളിതു വരെ യാതൊരു മറുപടിയും ലഭിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഇക്കാര്യത്തിലുള്ള ഇടപെടൽ എത്രത്തോളം ഉണ്ടെന്നത് വ്യക്തമല്ല. മാത്രമല്ല പഞ്ചായത്തിന്റെ കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല. കൂടാതെ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ, മുദ്രപത്രത്തിൽ വാടകക്കരാർ മാതൃക പൂരിപ്പിക്കാതെ ഓഫീസിൽ സൂക്ഷിച്ചതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/2017-18 തിയ്യതി 7.3.19) നല്കിയ മറുപടിയിൽ വീണ്ടും ഒരു ഓർമ്മക്കുറിപ്പ് നല്കുന്നതിനും ഭരണസമിതി മുഖാന്തിരം വാടകയ്ക്ക് കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഒഴിവുള്ള മുറികളിൽ അടയന്തിര മരാമത്ത് പ്രവർത്തികൾ ബാക്കിയുള്ളതിനാൽ കാലതാമസം നേരിട്ടെന്നും ആയത് 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും അറിയിച്ചു. വാടകക്കരാർ പൂരിപ്പിക്കാതെയാണ് സമർപ്പിച്ചതെങ്കിലും വാടകക്കുടിശ്ശിക ഇല്ല എന്നും 2018-19 വർഷത്തെ വാടകക്കരാർ മാതൃക മുഴുവൻ പൂരിപ്പിച്ചാണ് വാങ്ങിയതെന്നും മറുപടി നല്കിയിട്ടുണ്ട്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി കഴിഞ്ഞ ഉടനെ വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്നും കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. മറുപടിയിൽ

വ്യക്തമാക്കിയ വിവരങ്ങൾ നടപ്പിലാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2017-18 വർഷം പുതുതായി നമ്പർ അനുവദിച്ച വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നല്കേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നല്കി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ.

100 ച. മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ പ്രകാരമുള്ള യഥാർത്ഥ നികുതി | കുറവ് വന്ന നികുതി (ഗ്രന്ഥശാലാവരി അടക്കം) |
|---|---|---|---|---|
| 14/188 A | അബ്ദുൾ സലാം.എ.കെ | വിസ്തൃതി -94.43<br>നിരക്ക് -30<br>അടിസ്ഥാന നികുതി-2832.9<br>വഴി 20%വർദ്ധന –566.58<br>നികുതി -3400<br>സെസ്സ് -170<br>ആകെ നികുതി-3570 | വിസ്തൃതി -94.43<br>നിരക്ക് -50<br>അടിസ്ഥാന നികുതി-4721.5<br>വഴി 20%വർദ്ധന- 944.3<br>നികുതി -5665.8<br>സെസ്സ് -283<br>ആകെ നികുതി-5949 | 2379 |
| 14/188 B | അബ്ദുൾ സലാം.എ.കെ | വിസ്തൃതി -94.43<br>നിരക്ക് -30<br>അടിസ്ഥാന നികുതി-2832.9 | വിസ്തൃതി -94.43<br>നിരക്ക് -50<br>അടിസ്ഥാന നികുതി-4721.5<br>വഴി 20%വർദ്ധന-944.3 | 2260 |

| | | | | |
|---|---|---|---|---|
| | | വഴി 20%വർദ്ധന – 566.58<br>ബഹുനില ഇളവ്-170<br>നികുതി -3230<br>സെസ്സ് -162<br>ആകെ നികുതി-3392 | ബഹുനില ഇളവ്-283<br>നികുതി -5383<br>സെസ്സ് -269<br>ആകെ നികുതി-5652 | |

2) സഞ്ചയയിൽ വിവരങ്ങൾ നൽകുന്നതിലെ അപാകത മൂലം വസ്തു നികുതി കുറവ് വരുന്നു

പ്ലാൻ പ്രകാരം താഴെ പറയുന്ന കെട്ടിടത്തിലേക്കുള്ള വഴി 5 മീറ്ററിൽ കൂടുതലാണ്. എന്നാൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ ഉൾപ്പെടുത്തുമ്പോൾ വഴിയുടെ അളവ് തെറ്റായി നല്കുക വഴി വസ്തു നികുതിയിൽ കുറവ് വരാനിടയായി.

ഉദാഹരണം :

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി ഗ്രന്ഥശാലാവരി അടക്കം |
|---|---|---|---|---|
| 1/130 B | അഷ്റഫ് കിഴക്കെ പുതുക്കുടി | വിസ്തൃതി -466.21<br>നിരക്ക് -4<br>അടിസ്ഥാന നികുതി-1864.84<br>ദ്വിതീയ മേഖല ഇളവ്-186.484<br>തറ നിർമ്മിതി വർദ്ധന-279.726<br>നികുതി -1959<br>സെസ്സ് -98<br>ആകെ നികുതി-2057 | വിസ്തൃതി -466.21<br>നിരക്ക് -4<br>അടിസ്ഥാന നികുതി-1864.84<br>ദ്വിതീയ മേഖല ഇളവ്-186.484<br>തറ നിർമ്മിതി വർദ്ധന-279.726<br>വഴി 20%വർദ്ധന -373<br>നികുതി -2331<br>സെസ്സ് -117<br>ആകെ നികുതി-2448 | 391 |

ഇത്തരത്തിൽ നികുതി തെറ്റായി കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് 2017-18 വർഷവും തുടർന്നുള്ള വർഷങ്ങളിലും വരുമാനത്തിൽ കുറവ് വരാനിടയാകുന്നു. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17-18 തിയ്യതി 11.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ കുറവ് വന്ന തുക 5030 രൂപ ഈടാക്കി (2379+ 2260+391) ഓഡിറ്റിനെ അറിയിക്കേണ്ടതും പഞ്ചായത്തിലെ വിവരണം പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ – ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്.

2.കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ – ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3.കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി) ചട്ടങ്ങൾ – ചട്ടം 16 പ്രകാരം തൊഴിലുടമയോടോ , അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

ഉദാ - 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം ( ഡി & ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര് | വാർഡ് നം/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 133 | രാജേഷ് .എം | 6/395,396 ജെ.കെ ഇന്റർലോക്ക്സ് | 8 |
| 166 | ഹാരിസ്.പി.വി | 11 /629 സെഞ്ചുറി ഹോട്ടൽ | 8 |
| 324 | ബൈജു.പി.കെ | 16/624,625,626 സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | 6 |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/17-18 തിയ്യതി 11.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതും വിവരം

ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

## 2-4 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്. പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 1719 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 94 |
| 200 ച മി വരെ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 2 |
| 200 ച മി മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 1 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 62 |
| ഇതര വ്യവസായത്തിനുള്ളത് | 23 |
| ആകെ | 1901 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1901 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ 347പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. വേക്കൻസി റമിഷന് ആരും അപേക്ഷിക്കാത്തതിനാൽ നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ആയത് പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ആയതിനാൽ വാർഡ് തലത്തിൽ പരിശോധന നടത്തി ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/17-18 തിയ്യതി 11.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള പരിഷ്കരണം-ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ. തീ. 20.1.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 7/2014 മുതൽ 1/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശിക ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. അടവാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| 21700238/27-6-17 | 15278 |
| 21700239/27-6-17 | 144182 |
| 21700240/27-6-17 | 25897 |
| 21700395/17-8-17 | 19847 |
| 21700558/01-10-17 | 13676 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ വർദ്ധിപ്പിച്ച അടിസ്ഥാനശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കിയെങ്കിലും , ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനു നൽകിയ മറുപടിയിൽ 2019 മാർച്ച് മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുമ്പോൾ കുടിശ്ശിക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

## 3-2 യുവതികൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്.സി)-പ്രോജക്റ്റിലെ അപാകതകൾ

പ്രോജക്റ്റിന്റെ പേര് : യുവതികൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്.സി)

പ്രോജക്റ്റ് നമ്പർ : SO062/18

പ്രോജക്റ്റ് വിഭാഗം : എസ്സ്.സി.പി

അടങ്കൽ : 60,000/- (എസ്.സി.പി)

നിർവ്വഹണം : അസി. സെക്രട്ടറി

ചെലവ് : 30,000/- ബിൽ നമ്പർ- 8/17-18 തീയതി 26.3.18

30,000/- ബിൽ നമ്പർ- 9/17-18 തീയതി 26.3.18

യുവതികൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്. സി) എന്ന പ്രോജക്റ്റിൽ രണ്ട് ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇതിൽ കൃഷ്ണകുമാരി എന്ന ഗുണഭോക്താവിന്റെ

പേരിൽ നിലവിൽ ഇരുചക്രവാഹനം ഉണ്ട്. മാർഗ്ഗരേഖപ്രകാരം രണ്ട് / നാലുചക്ര വാഹനം ഉള്ളവർ ഈ ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ ഇത് പരിഗണിക്കാതെ മേൽ ഗുണഭോക്താവിന് ആനുകൂല്യം നല്കി കാണുന്നു. രണ്ടാമത്തെ ഗുണഭോക്താവായ ഷിബിനയുടെ ലൈസൻസിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ഇതു കൂടാതെ വാഹനവിലയുടെ 33 1/3 ശതമാനം തുകയേ (പരമാവധി 30,000 രൂപ) നല്കാവൂ എന്നാണെങ്കിലും വാഹനവില കണക്കാക്കാതെ പരമാവധി തുകയായ 30,000 രൂപ നല്കുകയാണ് ചെയ്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 10/17-18 തീയതി 8.3.19) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ പ്രോജക്റ്റ് നടപ്പിലാക്കിയതിൽ അപാകതകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടു എന്നും ഗുണഭോക്താക്കളുമായി സംസാരിച്ചതിൽ നിന്ന് അവർ തുക അടവാക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമല്ലാത്ത വീഴ്ചയാണ് ഉണ്ടായതെന്നും തുക അടവാക്കുന്ന മുറയ്ക്ക് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കൃഷ്ണകുമാരി എന്ന ഗുണഭോക്താവ് കൈപ്പറ്റിയ തുകയായ 30,000/- രൂപ പലിശ സഹിതം 11.3.2019 ന് 118080108039 നമ്പർ രസീറ്റ് പ്രകാരം (30,000 + 3600 ( പലിശ ) = 33,600/- രൂപ) അടവാക്കിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

രണ്ടാമത്തെ ഗുണഭോക്താവായ ഷിബിനയുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവർക്ക് വാഹനവിലയായ 55,139/- രൂപയുടെ 33 1/3 ശതമാനം തുകയായ 18,380/- രൂപ സബ്സിഡിക്ക് മാത്രമാണ് അർഹതയുള്ളത്. അധികം നൽകിയ സബ്സിഡി തുകയായ 11,620/- രൂപ ( 30,000 – 18,380 ) ഈടാക്കി സഞ്ചിത നിധിയിൽ അടവു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്. 29.3.2017 ലെ ജി.ഒ (എം.എസ്) 72/2017/എൽ. എസ് .ജി .ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 110 പദ്ധതികളിൽ ഭൂരിഭാഗവും റോഡ് പ്രവർത്തികളാണ്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ
നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ ചെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പി ലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-4 മാർഗ്ഗരേഖ വ്യവസ്ഥകൾ ലംഘിച്ച് ഷീ പാഡ് വിതരണം ചെയ്തു

പ്രൊജ. നം.- 94, സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് വിതരണം
അടങ്കൽ - 30000 (വികസന ഫണ്ട് )
ചെലവ് - 28080 (വികസന ഫണ്ട് )
നിർവ്വഹണം - ഹെഡ്മാസ്റ്റർ
ബിൽ. നം - 6/17-18, തിയ്യതി 14-3-18

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 'സ്കൂൾ വിദ്യാർത്ഥിനികൾക്ക്

ഷീപാഡ് വിതരണം’ എന്ന പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

29-03-2017 ലെ ജി.ഒ (എം എസ്) നം. 72/2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ, 13.3.(9) പ്രകാരം സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പകരം 28080 രൂപയ്ക്ക് ഷീ പാഡുകൾ വാങ്ങി വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/6-3 -19) ഹെഡ്മാസ്റ്റർ നൽകിയ മറുപടിയിൽ മുമ്പും ഇതേ രീതിയിലാണ് പദ്ധതി നിർവ്വഹണം നടത്തിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈയിനത്തിലുള്ള 28,080 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-5 <u>പൊതു മരാമത്ത് പ്രവർത്തികൾ - ആസൂത്രണത്തിലെയും പദ്ധതി നടത്തിപ്പിലെയും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>1) പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് നഷ്ടമാകുന്നു. :-</u>
പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 110 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 72 എണ്ണം മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. ആകെ 38281789 രൂപ വകയിരുത്തിയെങ്കിലും 20872812 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (54%) 2017-18 വർഷത്തിൽ സമയ ബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവർത്തികളേറെയും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ട് പ്രവർത്തി ആരംഭിച്ചിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ പറ്റാതെ പാഴായി പോയിട്ടുണ്ട്. 38 പദ്ധതികൾ തൻവർഷം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ ടി വർഷം ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിക്കാതെ പാഴായിപോയ അവസ്ഥ ഉണ്ടായി. മാത്രമല്ല 2017-18 ൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2017-18 വർഷത്തിൽ പുതിയ പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ട് കുറയാൻ ഇടയായിട്ടുണ്ട്.
<u>2) ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച.:-</u>
പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 110 പ്രവർത്തികളിൽ 55 % പ്രവർത്തികളും റോഡ് – നടപ്പാതാ വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത 38 പ്രവർത്തികളിൽ മാലിന്യ സംസ്കരണം, വനിതാ ഉൽപ്പന്നവിപണന കേന്ദ്രം, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, വയോജന സൗഹൃദകേന്ദ്രം, സ്കൂൾ അറ്റകുറ്റപ്പണി എന്നിവ ഉൾപ്പെടുന്നുണ്ട്. പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നിവയിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു.

മേൽ അപാകതകൾക്ക് 8/3/19 ൽ ലഭ്യമാക്കിയ മറുപടിയിൽ 2017-18 ൽ പൂർത്തിയാകാത്ത പദ്ധതികൾ 2018-19 ൽ സ്പിൽ ഓവറായി പൂർത്തിയാക്കി എന്നും 2017-18 ലെ സ്പിൽ ഓവർ പ്രവർത്തികളിൽ ബാക്കിയായ 6 എണ്ണത്തിൽ മൂന്ന് എണ്ണം കരാർ വെക്കാത്തതാണ് എന്നും ഒരു പ്രവർത്തി അതിർത്തി

നിർണ്ണയിക്കാത്തതിനാൽ ഒഴിവാക്കുകയും ഒരെണ്ണം പൂർത്തീകരിച്ച ബിൽ കൊടുത്തു എന്നും ഒരണ്ണം 2018 - 19 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാർ ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-6** ടാർ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചില്ല- ചിറവളപ്പിൽ റോഡ് ടാറിംഗ് വൈകി

പദ്ധതി നം. - 173 (SO) ചിറവളപ്പിൽ റോഡ് ടാറിംഗ്
നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ
അടങ്കൽ - 200000 ( കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ് - 200000
ബിൽ നം. - 71/17-18

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ചിറവളപ്പിൽ റോഡ് ടാറിംഗ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
പദ്ധതിക്ക് 14-12-16 ൽ (Ts no.41257/16-17) ടെക്നിക്കൽ അനുമതി ലഭിച്ചു. എന്നാൽ 2017 ഫെബ്രുവരി 6 ന് റോഡ് ടാറിംങ്ങ് കമ്മിറ്റി കൺവീനർ ശ്രീ. അബ്ദുൾ സലാം വി. കെ അസിസ്റ്റൻറ് എൻജിനീയർക്ക് സമർപ്പിച്ച കത്തിൽ പ്രവൃത്തി തുടങ്ങാൻ ആവശ്യമായ ടാർ ലഭിക്കാത്തതിനാലാണ് പണി തുടങ്ങാത്തത് എന്നും ജൂൺ മാസം ആകുന്നതോടെ മഴ ആരംഭിക്കുന്നതിനാൽ കലാവധി നീട്ടിത്തരണമെന്നും അപേക്ഷിച്ചു. തുടർന്ന് 22-1-18 ൽ അസിസ്റ്റൻറ എൻജിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കാലാവധി നീട്ടി നൽകി. 17-1-18 ആണ് ടാർ വാങ്ങുന്നതിനായുള്ള കത്ത് BPCL ന് നൽകുന്നത്. 9 - 3 - 18 ൽ ബിൽ നം. 160228 പ്രകാരം കൺവീനർക്ക് ടാർ ലഭിച്ചു.

2017 ഫെബ്രുവരി 6 ന് കരാർ വെച്ച് , സൈറ്റ് കൈമാറി കഴിഞ്ഞ ഉടനെ റോഡ് ടാറിംഗിന് ആവശ്യമായ ടാർ വാങ്ങി നൽകുന്നതിന് ബന്ധപ്പെട്ട അസിസ്റ്റൻറ് എൻജിനിയർ നടപടി സ്വീകരിക്കാതിരുന്നതിനാലാണ് ടി പ്രവൃത്തി നീണ്ടു പോകുന്നതിനിടയായത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/6-3 -19) നൽകിയ മുപടിയിൽ കൺവീനർ പ്രവൃത്തിക്ക് ടാർ നൽകുന്നതിനുള്ള സാങ്കേതിക തടസ്സം മൂലമാണ് ടാർ ലഭിക്കാത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചെറിയ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിരുന്നെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാനും ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാനും സാധിക്കുമായിരുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | 1)ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി | 500000 | |
| | | 170000 | 2)ഹരിതകേദാരം നെൽകൃഷി | 170000 | |

| | | | | | |
|---|---|---|---|---|---|
| | | 255000 | 3)പച്ചക്കറികൃഷി | 255000 | |
| | | 100000 | 4)അനുപൂരക പോഷകാഹാരം | 100000 | |
| | | 250000 | 5)ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 50000 |
| | | 885600 | 6)കാരാട്ടുമീത്തൽ ശ്മശാനം | 0 | 885600 |
| | | 100000 | 7)വനിതകൾക്ക് കരാട്ടെ-യോഗ | 12400 | 87600 |
| | | 500000 | 8)ഇ എം എസ് സ്റ്റേഡിയം വികസനം | 500000 | |
| | | 829000 | 9)അന്നശ്ശേരി കോമൺ ഫസിലിറ്റേഷൻ സെന്റർ | -- | 829000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | 1)ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 125000 |
| | | 1700000 | 2)ഇ എം എസ് സ്റ്റേഡിയം വികസനം | 1684537 | 15463 |
| | | 50000 | 3)ക്ഷീര കർഷകർക്ക് പാലളക്കുന്നതിന്റെ സബ്സിഡി | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികളിൽ കുടിവെള്ളം | 300000 | 300000 | 0 |
| | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | 1000000 | 1000000 | 0 |
| | അങ്കണവാടികളിൽ കുടിവെള്ളം | 170000 | 170000 | 0 |

| | | | | |
|---|---|---|---|---|
| | അങ്കണവാടികളിൽ കുടിവെള്ളം | 130000 | 130000 | 0 |
| കെ.വൈ.ഐ.പി | വള്ളിക്കാട്ട്കാവ് കനാൽ റോഡ് റിപ്പയർ | 600000 | 600000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ഇ. എം. എസ്. ഭവന പദ്ധതി | 13,49,150 | 8,00,000 | -- | 5,49,150 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19,52,562 |
| തൻവർഷം നിക്ഷേപിച്ച തുക | 1,70,849 |
| ആകെ | 21,23,411 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21,23,411 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക് | 14,28,595 | |

| | | | |
|---|---|---|---|
| 2 | കെ. ഡി. സി ബാങ്ക് | 6,94,816 | |
| ആകെ | | 21,23,411 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,650/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-14 | 4,650/- | മുഹമ്മദ് അഷ്റഫ് | 117080108468 – 24.3.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 29 | 2003-04 | 11-13-6(2) | കാർഷിക യന്ത്രവൽകരണം |
| 2000-2001 | 9 | 2003-04 | 11-13-1(25) | പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 | 11-13-1(26) | അലങ്കാരപ്പൂച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 1999-2000 | | 2003-04 | 11-14 | ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് |
| 1998-99 | | 2004-05 | 11-1-3-9 | നികുതി പിരിവിൽ അലംഭാവം |
| | | 2011-12 | 3-27 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-29 | കണക്ടിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പദ്ധതികളുടെ നടത്തിപ്പ് |

| | | | | |
|---|---|---|---|---|
| | | 2011-12 | 3-2-20-10 | എൻജിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | | തൊഴിൽ നികുതി അപാകതകൾ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല. | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59802547 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67585341 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,620 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,080 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 11,620 | ശ്രീ. കെ. സുന്ദരരാജൻ, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 28,080 | ശ്രീ. എൻ. ഭാസ്കരൻ, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സുന്ദരരാജൻ, അസി. സെക്രട്ടറി | സെക്രട്ടറി , പൊഴുതന ഗ്രാമ പഞ്ചായത്ത് | പുനത്തിൽ വീട്, വില്ല്യാപ്പള്ളി പി.ഒ വടകര - 673542 |
| ശ്രീ. എൻ. ഭാസ്കരൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി. എം. എൽ. പി. എസ്. തലക്കുളത്തൂർ | ശ്രീവൽസം നിവാസ് കോക്കല്ലൂർ പി. ഒ ബാലുശ്ശേരി –673612 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

,

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(5) തി.11.11.11 | 11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി /പി2/1686/11(6) തി.11.11.11 | 26 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(7) തി.11.11.11 | 29,32,33 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(8) തി.11.11.11 | 1എ,2-1,2-2,2-3,3-1,4-1,4-4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(9) തി.11.11.11 | 6,7,9,11,14,15 |
| 2001-02 ( ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(10) തി.11.11.11 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(11) തി.11.11.11 | 1-1,3-1, |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(12) തി.11.11.11 | 3-4,3-5-2,3-5-3, |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2 /1686/11(13) തി.11.11.11 | 3-1,3-4,3-6,3-8,3-9,3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2 /1634/08 തി.13.01.09 | 2-1,2-2,3-1,3-3,3-4,3-5,3-6-1, 3-6-2,3-2-1,3-10,3-11,3-12,3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2 /1241/09 തി.15.10.09 | 2-1,3-6,3-7,3-8,3-10,3-11,3-12,3-13 3-14,3-15,3-16,3-18,3-19,3-20,3-21, 3-22 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2 /1322/10 തി.20.12.10 | 2-1-1,3-1,3-2,3-3,3-5,3-6,3-7 ,3-8,3-9,3-10,3-11,3-12,3-14, 3-15,4-3 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2 /1322/10 തി.20.12.10 | 2-1,2-3,2-5-(2),(3),(4),(5),2-6,2-8,3-1 3-2,3-3,3-4,3-5,3-7,3-8,3-9,3-10,3-11, 3-12,3-13,3-14,3-15,3-16,3-17,3-18,3-19, 3-20,3-23,3-24,3-25,3-26,3-27,3-28,3-29 3-30-3,3-31-(1)(3)(4),4-3, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2 /1653/11 തി.12.01.12 | 2-1-4,2-1-5,2-1-6,2-1-7,2-1-8, 2-2-1,2-5,2-6,2-7,1,2-7-2,2-7-3,2-12, 3-5,3-6,3-8,3-9, 3-10-1,3-10-2,3-10-3,3-11,3-12,3-13, 3-15-1,3-15-2,3-15-3,3-16,3-18 3-20,3-22,3-23,3-24,3-25,3-26, |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2 /1536/12 തി.10.6.13 | 2-1-4,2-2,2-4-1,2-4-2,2-4-3,3-1-1, 3-1-2,3-2,3-3,3-5,3-6,3-7,3-8, 3-10,3-11,3-12, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2 /246/13 തി.20.7.13 | 2-2-1,2-2-2,2-2-3,2-3-2,2-4-1-2,2-5, 2-6-1,2-6-3,2-6-4,3-1, 3-3,3-6,3-7,3-8,3-9,3-11,3-12,3-13,3-14, 3-15,3-16,3-17,3-18 |

| | | |
|---|---|---|
| | | 3-19,3-20,3-21,3-22,3-23 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി.4.3.15 | 1-2,1-3,2-1,2-2,2-3,2-4,2-5,3-1,3-2, 3-4,3-5,3-6,4-1-1,4-1-2, |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി പി12/1656/15- 27-10-15 | 2-1,2-2,2-3-1,2-3-2,2-3-3,2-3-4,3-1, 3-2,3-3,3-5,3-9,3-10 3-11,3-12, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 2301/16 12-01-17 | 2-1,2-2,2-3,2-4,2-5,2-6,2-7,3-1, 3-2,3-5,3-6,3-8, 3-9,3-10,3-11,3-12,3-13, 3-14,3-15,3-16,3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 1777/17 14/9/17 | 2-1,2-2,2-3,2-4,2-5,2-6,3-1,3-2,3-3,3-4, 3-5,3-7,3-13,3-14, |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി.പി.12/349/2019 തിയ്യതി:20.3.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.